**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 631** **24-08-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭകത്വ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ സംരംഭകത്വ വിദ്യാഭ്യാസം എന്ന ആശയം സ്കൂൾ തലത്തിൽ വച്ചുതന്നെ പരിചയപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | വ്യവസായ സംരംഭകത്വ വിദ്യാഭ്യാസം എന്ന ആശയം സ്കൂൾ തലത്തിൽ വച്ചുതന്നെ പരിചയപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് പദ്ധതികളൊന്നും നിലവിൽ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ വിദ്യാർത്ഥികളിൽ സംരംഭകത്വ അഭിരുചി വളർത്തുന്നതിനായി ഹയർ സെക്കന്ററി തലം മുതൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഈ.ഡി ക്ലബ്ബുകൾ) നിലവിലുണ്ട്. പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനത്തിനായി ഒരു സാമ്പത്തിക വർഷം 20,000 രൂപ വീതം രണ്ട് ഗഡുക്കളായി നൽകി വരുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇത്തരം ഒരു പദ്ധതിക്ക് രൂപം നൽകാൻ ആലോചിക്കുന്നുണ്ടോ? | (ബി) | വ്യവസായ സംരംഭകത്വ വിദ്യാഭ്യാസം എന്ന ആശയം സ്കൂൾ തലത്തിൽ വച്ചുതന്നെ പരിചയപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ടുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ